പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1779 04/12/2018 -ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എൻ. ഷംസീർ<br>" ആന്റണി ജോൺ<br>" സജി ചെറിയാൻ<br>" കെ. ആൻസലൻ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരവും സാമൂഹിക നീതിയും ഉറപ്പാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന യു.ജി.സി. നിർത്തലാക്കി ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം ബി.ജെ.പി.- ആർ.എസ്.എസ്.ന്റെ രാഷ്ട്രീയ-വർഗ്ഗീയ അജണ്ട നടപ്പാക്കുന്നതിന്റെ ഭാഗമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), | ഇല്ല. ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ രൂപീകരണം മൂലം ഈ രംഗത്ത് കൂടുതൽ കേന്ദ്രസർക്കാർ നിയന്ത്രണങ്ങൾക്കും ഇടപെടലുകൾക്കും വഴിയൊരുക്കും. ആയതിനാൽ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട് |
| (ബി) | ഈ തീരുമാനം ഉന്നത വിദ്യാഭ്യാസ മേഖലയുടെ ജനാധിപത്യപരമായ വളർച്ചയെ തടസ്സപ്പെടുത്തുമെന്ന് ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദൂരവ്യാപകമായ എന്തെല്ലാം പ്രത്യാഘാതങ്ങൾ ഇത് മൂലം ഉണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരി കരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2018 ആഗസ്റ്റ് 7,8 തീയതികളിൽ "Dissolution of UGC : Perils and Consequences" എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടത്തിയിരുന്നു. യു.ജി.സിക്ക് പകരം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സംവിധാനമായിരിക്കുമെന്നതാണ് പ്രസ്തുത സെമിനാറിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശം. |
| (സി) | യു.ജിസി.യിൽ നിക്ഷിപ്തമായിരുന്ന ഫണ്ട് നിർവ്വഹണം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ വരുന്നതോടെ കേന്ദ്ര സർക്കാരിലേക്ക് മാറുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം | | യു.ജി.സി ഇല്ലാതാകുന്നതോടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന ഗ്രാന്റ് നൽകുന്ന സമ്പ്രദായം ഇല്ലാതാകും. സ്ഥാപനങ്ങളുടെ ഗ്രേഡിംഗും പ്രകടന സൂചികകളും അടിസ്ഥാനമാക്കി മാനവ വിഭവശേഷി മന്ത്രാലയം ധനസഹായം നൽകുന്നതോടുകൂടി സാമൂഹ്യ നീതിയുടെയും സമത്വത്തിന്റെയും അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | പ്രതിസന്ധികൾ സൃഷ്ടിക്കുമെന്ന് അറിയിക്കാമോ; | | വിദ്യാഭ്യാസ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ള കേരളം പോലുള്ള സംസ്ഥാനങ്ങൾ കൂടുതൽ പിന്തള്ളപ്പെടും. ഭാരതം പോലെ വിശാലമായൊരു രാജ്യത്തിന്റെ വൈവിധ്യത്തെ കണക്കിലെടുക്കാതെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിയന്ത്രിക്കുന്നതിന് ഒരു പൊതു മാനദണ്ഡം നിശ്ചയിക്കുന്നത് ആശാസ്യകരമായ നടപടിയല്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉന്നത വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ നിലപാട് 20/07/2018ലെ HEDN-C3/182/2018-HEDN നമ്പർ കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ദേശീയ തലത്തിൽ സംവാദം നടത്തുകയും, ഭൂരിപക്ഷാഭിപ്രായപ്രകാരം പൊതു സമ്മതമായ തീരുമാനം സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ രൂപീകരണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷന്റെയും, സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരുടെയും യോഗം അടിയന്തരമായി വിളിച്ചു ചേർക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**